LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്റ്റൈഫന്റും ലംപ്സംഗ്രാന്റും, വിദ്യാഭ്യാസാനുകൂല്യങ്ങളാണ്. ഇത് അർഹതയുള്ള എല്ലാ ദലിത് വിദ്യാർത്ഥികൾക്കും ലഭ്യമാണ്. എന്നാൽ സ്കോളർഷിപ്പ് വിദ്യാഭ്യാസാനുകൂല്യമാണെങ്കിലും പഠന മികവിന്റെയും മറ്റും അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്.

(ബി) നിലവിൽ അനുവദിച്ചുവരുന്ന സ്റ്റൈപ്പെന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) സ.ഉ. (അച്ചടി) 50/2009/പജപവവിവ തീയതി 2-7-2009 ഉത്തരവ് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും, സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നിലവിൽ അനുവദിച്ച് വരുന്നുണ്ട്.

മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

217 (5020) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-2015 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ആകെ എത്ര തുക വകയിരുത്തുകയുണ്ടായി ;

(ബി) 2014-2015-ൽ മറ്റ പിന്നാക്ക വിഭാഗങ്ങൾക്കായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് ;

(സി) ഓരോ പദ്ധതിക്കുമായി എത്ര തുക വീതം ചെലവഴിച്ചു ;

(ഡി) ഓരോ പദ്ധതി മുഖേനയും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുകയുണ്ടായി ;

(ഇ) ഓരോ പദ്ധതി മുഖേനയും ഓരോ ജില്ലയിലും എത്ര വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകി ;

(എഫ്) ഓരോ പദ്ധതി മുഖേനയും ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്ലാനിൽ കേന്ദ്രാവിഷ്കൃത പദ്ധതികളടക്കം 221,61,00,000 രൂപയും നോൺ പ്ലാനിൽ 91,59,88,000 രൂപയും വകയിരുത്തിയിരുന്നു. 2014-15 സാമ്പത്തിക വർഷത്തെ മാർച്ച് 31-ലെ ചെലവ് അനുസരിച്ച് ധനകാര്യ വകുപ്പ് അംഗീകരിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്ലാനിൽ 1147306000 രൂപയും നോൺ പ്ലാനിൽ 902340000 രൂപയും വകയിരുത്തിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി - ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ &എഫ്) ജില്ല തിരിച്ച് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണം

218 (5021) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ പാവപ്പെട്ട എത്ര പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2011-12ൽ ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) ഇതിൽ എത്ര സെന്റ് ഭൂമിയാണ് വാങ്ങി നൽകുക ?

ഉത്തരം

(എ) 2011-12 വർഷം 5380 പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

ജില്ല	എണ്ണം
(1)	(2)
തിരുവനന്തപുരം	670
കൊല്ലം	642

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly